ഹാന്റെക്സ്-ഹാൻവീവ് എന്നിവയ്ക്കുള്ള പുനരുദ്ധാരണം, ഓഹരി പങ്കാളിത്തം, സബ്സിഡി എന്നിവയും, കൈത്തറി സംഘങ്ങൾക്ക് കയറ്റുമതി പ്രോത്സാഹനത്തിനും വികസനത്തിനുമുള്ള പദ്ധതി, കഴിനൂൽ സബ്സിഡിക്കുള്ള പദ്ധതി, കൈത്തറി തൊഴിലാളികൾക്കായുള്ള മാർജിൻ മണി-ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി വിപണനം ലക്ഷ്യമാക്കിയുള്ള റിബേറ്റ് നൽകുന്ന പദ്ധതി, കമ്പ്യൂട്ടർ ഡിസൈനിംഗ് വിദ്യ ഇവ ഈ മേഖലയുടെ സംരക്ഷണത്തിനായി നടപ്പാക്കി വരുന്നു.

കശുവണ്ടി :

വ്യവസായ രംഗത്തെ പ്രധാന പ്രതിസന്ധി കശുവണ്ടിയുടെ ലഭ്യത കുറവാണ് ഇത് പരിഹരിക്കുന്നതിനായി കശുവണ്ടി വികസന കോർപ്പറേഷൻ കോമ്പൗണ്ടുകളിലും തരിശുഭൂമികളിലും കശുമാവ് വച്ചുപിടിപ്പിച്ച് ആഭ്യന്തരമായി കൂടുതൽ തോട്ടണ്ടി ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കോർപ്പറേഷന്റെ വിപുലീകരണത്തിനായി 21.99 കോടി രൂപയും മാർജിൻ മണിയായി 6 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. അതുപോലെ തന്നെ കാപ്പെക്സിന്റെ വിപുലീകരണ പ്രവർത്തനങ്ങൾക്കായി നടപ്പു വർഷം 50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പരമാവധി തോട്ടണ്ടി സംഭരിച്ച് തൊഴിലാളികൾക്ക് തൊഴിൽദിനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾക്കായി കശുവണ്ടി വികസന കോർപ്പറേഷന് 120 കോടിയോളം രൂപയും കാപ്പെക്സിന് 21 കോടിയോളം രൂപയും ലഭ്യമാക്കിയിട്ടുണ്ട്.

കരകൗശല വ്യവസായരംഗത്ത് പ്രവർത്തിച്ചുവരുന്ന ശില്പികൾക്ക് സബ്സിഡി കഴിച്ച് 75% വിലയ്ക്ക് അസംസ്കൃത വസ്തുക്കൾ നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

പനനാര് സംസ്കരണത്തിനും "പാംലഹർ" എന്ന ശീതള പാനീയം നിർമ്മിക്കുന്നതിനുമായി കൂടുതലായി യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

യന്ത്രസഹായത്തോടെ ഈറ്റയിൽ നിന്ന് അല്ലികൾ ഉണ്ടാക്കുന്നതിനും ഈറ്റയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി ഈറ്റക്കാടുകൾ വച്ചുപിടിപ്പിക്കുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.

ഓട്ടു വ്യവസായത്തിന്റെ പ്രധാന അസംസ്കൃത വസ്തുവായ കളിമണ്ണിന്റെ ദൗർലഭ്യവും മൈനിംഗിനോടുള്ള ജനങ്ങളുടെ എതിർപ്പും പരിഹരിക്കുന്നതിനായി പഞ്ചായത്തുതല കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്.

സെറിഹെഡിന്റെ ആഭിമുഖ്യത്തിൽ കൂടുതൽ സ്ഥലത്ത് മൾബറി കൃഷി നടത്തുവാനും കൂടുതൽ കർഷകരെ ഈ രംഗത്തേക്ക് ആകർഷിക്കാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

33 (1259) ടെൽക്കിലെ സെക്യൂരിറ്റി ഓഫീസറെ പിരിച്ചു വിട്ട നടപടി

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ ടെൽക്കിലെ സെക്യൂരിറ്റി ഓഫീസറായ കെ.വി. ഇമ്മാനുവേലിനെ പിരിച്ചുവിട്ട നടപടി അംഗീകരിക്കാനും

LIBRARY ARCHIVES Kerala Legislative Assembly

വിധിക്ക് എതിരെ സുപ്രീം കോടതിയിൽ അപ്പീൽ കൊടുക്കുവാനും തീരുമാനിച്ചിട്ടുണ്ടോ;

(ബി) 13 വർഷത്തിലധികമായി ജോലി ഇല്ലാതെ ഇരിക്കുന്ന ഒരു ജീവനക്കാരന് എതിരെ സുപ്രീം കോടതിയിൽ അപ്പീൽ നൽകുവാനുള്ള തീരുമാനം പുനഃപരിശോധിക്കുവാൻ തയ്യാറാകുമോ;

(സി) ഈ കേസ്സ് നടത്തുന്നതിനുവേണ്ടി കമ്പനിക്ക് എത്ര രൂപ ചെലവായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ടെൽക്കിലെ അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസറായിരുന്ന ശ്രീ. ഇമ്മാനുവേലിനെ പിരിച്ചുവിട്ട നടപടിക്കെതിരെയുണ്ടായ ഹൈക്കോടതി വിധിക്കെതിരെ കമ്പനി സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

(ബി) അപ്പീൽ പിൻവലിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടില്ല.

(സി) സുപ്രീം കോടതിയിൽ ഈ കേസ് നടത്തിപ്പിനായി കമ്പനിയ്ക്ക് നാളിതുവരെ ഏകദേശം 35,000 രൂപ ചെലവായിട്ടുണ്ട്.

34 (1260) കയറുൽപ്പന്നങ്ങളുടെ കയറ്റുമതി

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. എം. മുരളി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും കയറ്റുമതിക്കായി 1995-ൽ നിർണ്ണയിച്ച കയറ്റുമതി നിരക്ക് എത്രയായിരുന്നു:

(ബി) ഈ നിരക്ക് 1997-ൽ പുതുക്കിയിട്ടുണ്ടോ;

(സി) എങ്കിൽ 1997-ൽ പുതുക്കിയ പ്രകാരമുള്ള നിരക്ക് എത്രയാണ്;

(ഡി) 1995-ലെ നിരക്കിന് കയറും കയറുൽപ്പന്നങ്ങളും കയറ്റുമതി ചെയ്യണമെന്ന് 1999-ൽ കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഇ) ഈ നിർദ്ദേശ പ്രകാരം കയറും കയറുൽപ്പന്നങ്ങളും കയറ്റി അയയ്ക്കുന്ന പക്ഷം എന്തു നഷ്ടമുണ്ടാകുമെന്ന് അറിയിക്കുമോ;

(എഫ്) ഈ നിർദ്ദേശം റദ്ദാക്കുവാൻ സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും ഫലം എന്തെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഓരോ തരം കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും 1995-ൽ നിർണ്ണയിച്ച കയറ്റുമതി നിരക്ക് (മിനിമം എക്സ്പോർട്ട് പ്രൈസ്) കാണിയ്ക്കുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു.†

(ബി) ഉണ്ട്.

† 1&2 ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly